DESPATCHED
On 22/12/21

15/11/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1151(4)/2015/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.7168/എസ്.ഐ.സി-ജി 2/2015)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.കെ.കരുണാകരൻ,
C/o അഡ്വ. എൻ പ്രേംകുമാർ,
അഡ്വക്കേറ്റ് ഓഫീസ്,
വെള്ളിയടത്ത് ബിൽഡിംഗ്സ്, റാന്നി പി.ഒ,
പത്തനംതിട്ട. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഓഫീസ് ഇൻസ്പെക്ടർ,
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, ചങ്ങനാശ്ശേരി, കോട്ടയം ജില്ല. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ),
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, ചങ്ങനാശ്ശേരി, കോട്ടയം ജില്ല.

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ 20.12.2014 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ കങ്ങഴ സർവ്വീസ് സഹകരണ ബാങ്കിൽ (1145) 1990 ലെ

കാർഷിക കടാശ്വാസ പദ്ധതിയിൽ അർഹരായവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 16.03.2015 ൽ രണ്ടാം എതിർകക്ഷി കമ്മീഷന് റിപ്പോർട്ട് നൽകി. അതിൽ ഇപ്രകാരം പറയുന്നു. "പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകളുടെയോ രേഖകളുടെയോ പകർപ്പുകൾ അല്ല. 1145-ാം നമ്പർ കങ്ങഴ സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ചതും 24 വർഷത്തിൽ അധികം പഴക്കമുള്ളവയും ആണ്. എന്നിരുന്നാലും ബാങ്കിൽ നിന്നും വിവരങ്ങൾ ശേഖരിച്ച, ലഭ്യമായവ പരാതിക്കാരന് സമയപരിധിക്കുള്ളിൽ നൽകിയിട്ടുള്ളതാണ്. ചില വിവരങ്ങൾ തിരച്ചിൽ നടത്തിയെങ്കിലും ലഭിക്കുകയുണ്ടായില്ല.

3. രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ട് വസ്തുനിഷ്ഠവും ആത്മാർത്ഥവുമാണെന്ന് കമ്മീഷൻ കരുതുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 15.11.2021 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re